**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 312** **17-03-2025 - ൽ മറുപടിയ്ക്ക്**

**സംയോജിത നഗരാസൂത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജനാധിപത്യ വികേന്ദ്രീകരണത്തിലും പ്രാദേശിക ഭരണത്തിലും മികച്ച പ്രകടനം കാഴ്ച വെച്ച് മാതൃക കാണിച്ചതുവഴി സംസ്ഥാനത്തിന് ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ നേടുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ജനാധിപത്യ വികേന്ദ്രീകരണത്തിലും പ്രാദേശിക ഭരണത്തിലും മികച്ച പ്രകടനം കാഴ്ച വെച്ച് മാതൃക കാണിച്ചതുവഴി സംസ്ഥാനത്തിന് ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ നേടാൻ കഴിഞ്ഞിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിലൂടെ രാജ്യത്തിന് മാതൃകയായി മാറിയതാണ് കേരളത്തിലെ ത്രിതല പഞ്ചായത്ത് സംവിധാനം. പ്രാദേശിക സർക്കാരുകളെന്ന നിലയിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് സാഹചര്യമൊരുക്കിയിട്ടുണ്ട്. അടിസ്ഥാന മേഖലകളുടെ വികസനത്തിന് ഊന്നൽ നൽകിയും ജനപങ്കാളിത്തം ഉറപ്പാക്കിയും നിർണ്ണായക ഇടപെടലുകളും അതുമൂലം നടത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രകൃതി സംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം, നീർത്തടവികസനം, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം തുടങ്ങി നിരവധി മേഖലകളിൽ അത്ഭുതകരമായ മാറ്റങ്ങൾക്കാണ് തദ്ദേശ സ്ഥാപനങ്ങൾ നേതൃത്വം നൽകിയിട്ടുള്ളത്. സംസ്ഥാനം പ്രാധാന്യം നൽകുന്ന, കുടുംബശ്രീ, സാമൂഹ്യക്ഷേമ പെൻഷനുകൾ, പ്രാദേശിക സാമ്പത്തിക വികസനം, നൈപുണ്യ വികസനം, ദുരന്ത നിവാരണ പദ്ധതികൾ എന്നിങ്ങനെ അനിവാര്യമായ മേഖലകളിൽ ശക്തമായ ഇടപെടലുകൾ നടത്തി ദേശീയ തലത്തിൽ ശ്രദ്ധയാകർഷിക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.<br><br>കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിന് വേണ്ടി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ തയ്യാറാക്കിയ 'സ്റ്റാറ്റസ് ഓഫ് ഡെവല്യൂഷൻ റ്റു പഞ്ചായത്ത്സ് ഇൻ സ്റ്റേറ്റ്സ് 2024' പ്രകാരം കേരളത്തിന് രാജ്യത്ത് രണ്ടാം സ്ഥാനമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത അധ്യാപകരടക്കമുള്ള മറ്റ് ജീവനക്കാരുടെ ശമ്പളം കൂടെ ചേർത്തുകൊണ്ടല്ല പഞ്ചായത്തുകൾക്ക് നൽകുന്ന ഫണ്ട് വിഹിതം കേരളം കണക്കാക്കുന്നത്. കൂടാതെ എസ്.സി./എസ്.റ്റി. വിഭാഗങ്ങളുടെ സബ് പ്ലാൻ ഫണ്ട് പ്രത്യേകമായി പഞ്ചായത്ത് തലത്തിലടക്കം ബജറ്റിൽ വ്യവഛേദിച്ച് വിതരണം ചെയ്യുന്നത് കേരളം മാത്രമാണ്. |

| | | | |
|---|---|---|---|
| | | | കേരളം 2021-ൽ പ്രജ ഫൗണ്ടേഷന്റെ അർബൻ ഗവേണൻസ് ഇൻഡെക്സിൽ മൂന്നാം സ്ഥാനത്തുനിന്ന് 2024-ൽ ഒന്നാം സ്ഥാനത്തേക്ക് ഉയർന്നിട്ടുണ്ട്. കൂടാതെ നീതി ആയോഗ് തയ്യാറാക്കിയ സുസ്ഥിര വികസന സൂചികയിൽ കേരളം തുടർച്ചയായ നാലാം തവണയും (2023-24) ഒന്നാം സ്ഥാനം നിലനിർത്തിയിട്ടുണ്ട്. നീതി ആയോഗിന്റെ 2023 ലെ മൾട്ടി ഡൈമൻഷണൽ പോവർട്ടി ഇൻഡക്സ് പ്രകാരം ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി (ഇൻഡക്സ് 0.002) കേരളം തുടർച്ചയായി രണ്ടാമതും അംഗീകരിക്കപ്പെട്ടതിൽ പ്രാദേശിക സർക്കാരുകൾക്കും വലിയ പങ്കുണ്ട്. വിവിധ വികസന സൂചികകളിൽ കേരളത്തിന് പ്രഥമ സ്ഥാനം ലഭിക്കുന്നതിനുള്ള കാരണങ്ങളിൽ പ്രധാനം പ്രാദേശിക വികസന പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും തദ്ദേശ ഭരണ സ്ഥാപനങ്ങൾ പുലർത്തുന്ന മികവാണ്.<br><br>പൗരകേന്ദ്രീകൃതമായ നിയമഭേദഗതികളുടെ അടിസ്ഥാനത്തിൽ സംസ്ഥാനം ആവിഷ്കരിച്ച വ്യവസായ സൗഹൃദപരമായ നയങ്ങളും തദ്ദേശീയ ഭരണ സംവിധാനത്തിൽ പ്രാദേശിക സാമ്പത്തിക വികസനം ഉൾച്ചേർത്തതിന്റെയും അടിസ്ഥാനത്തിൽ 2024-ലെ ഉദ്യോഗ് സമാഗം സമ്മേളനത്തിൽ പുറത്തിറക്കിയ ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ (BRAP) റാങ്കിങ്ങിൽ ഇന്ത്യയിലെ മികച്ച സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ അധികാര കേന്ദ്രീകരണ പ്രവണതകളെ ചെറുക്കുന്നതിന് ബദൽ മാർഗ്ഗങ്ങൾ കണ്ടെത്താൻ പ്രാദേശികതലത്തിൽ പുതിയ വെല്ലുവിളികളെയും പ്രതീക്ഷകളെയും അഭിസംബോധന ചെയ്യത്തക്കവിധമുള്ള ഇടപെടലിന്റെ ആവശ്യകത സംബന്ധിച്ച് വിശദമാക്കുമോ; | (ബി) | പ്രാദേശിക തലത്തിൽ പദ്ധതി നിർവഹണത്തിൽ പ്രാദേശിക സർക്കാരുകൾക്ക് ലഭിക്കുന്ന കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 60% ടൈഡ് ഫണ്ടായതിനാൽ പ്രാദേശിക വികസന ലക്ഷ്യങ്ങളെ മുൻനിർത്തിയുള്ള പദ്ധതി രൂപീകരണത്തിന് പ്രസ്തുത തുക വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. കൂടാതെ രാജ്യത്ത് 2015 ൽ നടപ്പിലാക്കിയ ജി.പി.ഡി.പി. പോർട്ടലിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും തീം അടിസ്ഥാനമാക്കി മാത്രമേ പ്രോജക്ട് തെരഞ്ഞെടുക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ, പ്രദേശത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ പ്രോജക്ടുകൾ ജി.പി.ഡി.പി. പോർട്ടലിൽ ഉൾപ്പെടുത്താൻ കഴിയില്ല. പകരം നിലവിലുള്ള ലിസ്റ്റിൽ നിന്നും ഒരു പ്രോജക്ട് തെരഞ്ഞെടുക്കുന്നതിനുള്ള സാധ്യത മാത്രമേ ഉള്ളൂ.<br><br>ഇതിനെ തരണം ചെയ്യുന്നതിനായി, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശേഷിയും കാര്യക്ഷമതയും കൂടുതൽ വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമമാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ആവിഷ്കരിച്ചിട്ടുള്ളത്. പുതിയ കാലത്തിന്റെ വികസന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാനും വെല്ലുവിളികൾ കാര്യമായി ഏറ്റെടുക്കുവാനും തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കി സുസ്ഥിര പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവകേന്ദ്രമായി തദ്ദേശഭരണ സ്ഥാപനങ്ങളെ മാറ്റുന്നതിനാണ് ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (സി) | വികേന്ദ്രീകരണ പ്രക്രിയയും ശേഷി വർദ്ധനയും മുന്നോട്ട് കൊണ്ടുപോകുന്നതിന് നല്ല മാതൃകകളും സമ്പ്രദായങ്ങളും സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. അധികാരവികേന്ദ്രീകരണത്തോടുള്ള കേരള സർക്കാരിന്റെ പ്രതിബദ്ധത തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന വിപുലമായ സഹായങ്ങളിൽ നിന്നും വ്യക്തമാണ്. കേരളത്തെ വൈജ്ഞാനിക സമൂഹമായി വളർത്തുകയും വിജ്ഞാനാധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയായി പരിവർത്തനപ്പെടുത്തുകയും ചെയ്യുക, പ്രാദേശിക സാമ്പത്തിക വികസനം, തൊഴിലവസരങ്ങളുടെ സൃഷ്ടി എന്നിവ പതിനാലാം പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. കാലാവസ്ഥാ വ്യതിയാനത്തെയും തൽഫലമായുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളെയും അതിജീവിക്കുന്നതിനുള്ള കഴിവുകൾ ആർജ്ജിക്കുവാൻ സമൂഹത്തെ സഹായിക്കുക, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ വികസനം, ഉയർന്ന ഗുണനിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ, പരിസ്ഥിതി സൗഹൃദമായ സാങ്കേതിക വിദ്യകളുടെ ഉപയോഗം, മാലിന്യ പരിപാലനം, തൊഴിൽ, ഉപജീവന സുരക്ഷ തുടങ്ങിയ സമഗ്രമായ വികസന ഇടപെടലുകളിലൂടെ കേരളീയരുടെ ജീവിത ഗുണമേന്മ വർദ്ധിപ്പിക്കുകയും അതുവഴി സംതൃപ്തവും സന്തോഷകരവുമായ ജീവിതം നയിക്കുന്നതിന് അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നതിനാണ് പതിനാലാം പഞ്ചവത്സരപദ്ധതിയിൽ ലക്ഷ്യമിടുന്നത്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022, സ.ഉ. (കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022 എന്നിവയിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.<br><br>കേരള അർബൻ പോളിസി കമ്മീഷൻ നടത്തിയ വിപുലമായ കൺസൾട്ടേഷനുകളിലൂടെ, പ്രാദേശിക ഭരണകൂടങ്ങളുടെ ശാക്തീകരണത്തിന് നൂതന മാതൃകകൾ കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റിവ് പോലുള്ള പദ്ധതികളിലൂടെ പ്രാദേശിക സർക്കാരുകളുടെ കാര്യശേഷിയും, പ്രശ്ന പരിഹാര ശേഷിയും വർദ്ധിപ്പിക്കാനും, 'സ്ഥലപരമായി സന്തുലിതമായ സമൂഹം' എന്ന ലക്ഷ്യത്തിലേക്ക് നീങ്ങാനും സാധിക്കും. കൂടാതെ കേരളത്തിലെ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വിവിധ അംഗീകാരങ്ങൾ ലഭിച്ച പഞ്ചായത്തുകളിൽ 'പഞ്ചായത്ത് ലേണിംഗ് സെന്റർ' ആരംഭിച്ചത് വഴി മറ്റു പഞ്ചായത്തുകൾക്ക് അനുഭവം പങ്കുവെക്കാനും മികച്ച മാതൃകകൾ നേരിട്ട് കണ്ട് മനസ്സിലാക്കി അവരവരുടെ സ്ഥാപനങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. |
| (ഡി) | കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ദുരന്ത നിവാരണത്തിന് പ്രാദേശിക കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ഡി) | കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനും അതു മൂലമുള്ള ദുരന്തങ്ങൾ ലഘൂകരിക്കുന്നതിനും പ്രാദേശിക കർമ്മപദ്ധതി (Local Action Plan on Climate Change - LAPCC) തയ്യാറാക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് നൽകിയിട്ടുള്ള മാർഗ്ഗരേഖകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിന് ദുരന്ത നിവാരണ |

| | | | |
|---|---|---|---|
| | | | പ്ലാൻ തയ്യാറാക്കുകയും ആവശ്യമായ എല്ലാ മേഖലകളിലും ദുരന്ത നിവാരണ പ്രോജക്ടുകൾക്ക് രൂപം നൽകുകയും ചെയ്യുന്നുമുണ്ട്. ക്ലൈമറ്റ് റസിലിയന്റ് കേരള എന്ന ലക്ഷ്യം നേടാനുള്ള പദ്ധതി പ്രവർത്തനങ്ങൾ, കാർബൺ ന്യൂട്രൽ തദ്ദേശ സ്വയംഭരണ സ്ഥാപനം എന്ന ലക്ഷ്യം നേടാനുള്ള പദ്ധതികൾ എന്നിവ കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ കാലാവസ്ഥയെ സംബന്ധിച്ചതും അപകടസാധ്യത സംബന്ധിച്ചതുമായ വിവരങ്ങളും, അവരുടെ ആസൂത്രണ പ്രക്രിയയിലും വാർഷിക പദ്ധതികളിലും സമന്വയിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ഡി –ക്യാറ്റ് പദ്ധതിയ്ക്കും തുടക്കം കുറിച്ചിട്ടുണ്ട്. |
| (ഇ) | ദ്രുത നഗരവൽക്കരണത്തിന്റെ വെല്ലുവിളി നേരിടുന്നതിന് സംയോജിത നഗരാസൂത്രണം അനിവാര്യമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്. അതിവേഗം നഗരവൽക്കരിക്കപ്പെടുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനുള്ള ദീർഘകാല ആസൂത്രണത്തിനായി 25 വർഷ കാലത്തേക്കുള്ള നഗരനയം ആവിഷ്കരിക്കുന്നതിനായി 2023-ൽ സംസ്ഥാന സർക്കാർ ഒരു അർബൻ പോളിസി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് പുറത്തിറക്കാനുദ്ദേശിക്കുന്ന 'നവ കേരള നഗര നയം 2025' അടുത്ത 25 വർഷത്തേക്കുള്ള സമഗ്രമായ പദ്ധതിയാണ്. കൂടാതെ, മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രക്രിയ കൂടുതൽ ജനാധിപത്യപരവും, റിസ്ക്-ഇൻഫോർമ്ഡും, ഡിജിറ്റലായി പ്രാപ്തമാക്കപ്പെട്ടതുമാക്കുന്നതിനുള്ള ഗൗരവമായ ശ്രമങ്ങളും നിലവിൽ നടന്നു വരുന്നുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി, വിവിധ ഏജൻസികൾ കേരള സർക്കാരുമായി കൈകോർത്തു പ്രവർത്തിച്ച് സ്ഥലപരമായി സമതുലിതമായ ഒരു സമൂഹം രൂപപ്പെടുത്തുന്നതിനായും പ്രവർത്തിച്ചുവരുന്നുണ്ട്. നഗരവും ഗ്രാമവും ഉൾക്കൊള്ളിച്ച് സമഗ്രമായ വികസനം ഉറപ്പാക്കുകയും ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം. കൂടാതെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളുടെ വികസനത്തിന് മെട്രോപൊളിറ്റൻ പ്ലാനിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ